LIBRARY ARCHIVES Kerala Legislative Assembly

ബാലുശ്ശേരിയിൽ ബയോ കൺട്രോൾ ലാബ്

160 (1574) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൃഷി, കൃഷി അനുബന്ധ തൊഴിൽ, കൃഷി സാങ്കേതികവിദ്യ എന്നീ വിഷയങ്ങൾ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്താൻ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുമോ ; ഇതിന്റെ ഭാഗമായി ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിൽ ഒരു ബയോ കൺട്രോൾ ലാബ് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

കൃഷി, കൃഷി അനുബന്ധ തൊഴിൽ, കൃഷി സാങ്കേതികവിദ്യ എന്നീ വിഷയങ്ങൾ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്താൻ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിൽ ഒരു ബയോ കൺട്രോൾ ലാബ് സ്ഥാപിക്കുന്ന കാര്യം പരിശോധനയിലാണ്.

മട്ടുപ്പാവിൽ കൃഷി ചെയ്യുന്നവർക്കുള്ള ആനുകൂല്യങ്ങൾ

161 (1576) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടുപ്പാവിലും, വീട്ടുവളപ്പിലെ സ്ഥലപരിമിതികളിൽ കഴിയാവുന്ന വിധവും കൃഷി ചെയ്ത് പച്ചക്കറിയും കാർഷികോൽപ്പന്നങ്ങളും ഉണ്ടാക്കാൻ ശ്രമിക്കുന്നവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്നു പറയാമോ ;

(ബി) മേൽപറഞ്ഞവിധം കൃഷി ചെയ്യുന്നവർക്ക് കാർഷികാവശ്യത്തിന് വൈദ്യുതി സൗജന്യമായി നൽകാനും ഇവരുടെ കൃഷി വിലയിരുത്തുവാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മട്ടുപ്പാവിലും വീട്ടുവളപ്പിലുമുള്ള പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2014-15-ലെ സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം കൃഷി വകുപ്പ് താഴെപ്പറയുന്ന പദ്ധതി ഘടകങ്ങൾ നടപ്പിലാക്കിവരുന്നു :